ഉത്തരം

(എ&ബി) കെട്ടിടവിഭാഗത്തിൻ കീഴിൽ തൃശ്ശൂർ മണ്ഡലത്തിൽ നടപ്പാക്കി കൊണ്ടിരിക്കുന്ന പ്രവൃത്തികൾ, പ്രസ്തുത പ്രവൃത്തികൾ എന്നത്തേക്ക് പൂർത്തീകരിക്കാൻ കഴിയുമെന്നുള്ള വിശദാംശങ്ങൾ അനുബന്ധം I ആയി ചേർത്തിരിക്കുന്നു.* നിരത്തുവിഭാഗത്തിൻ കീഴിൽ തൃശ്ശൂർ മണ്ഡലത്തിൽ നടപ്പാക്കിക്കൊണ്ടിരിക്കുന്ന പ്രവൃത്തികൾ സംബന്ധിച്ച വിവരങ്ങൾ അനുബന്ധം II ആയി ചേർത്തിരിക്കുന്നു.* അതിൽ അത്തിപ്പെറ്റ പാലം പുനർനിർമ്മാണം ഒഴികെ മറ്റ് പ്രവൃത്തികൾ 2016 മാർച്ച് 31-ന് നകം പൂർത്തിയാക്കാൻ കഴിയുമെന്ന് പ്രതീക്ഷിക്കുന്നു.

(സി) എം.എൽ.എ. ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് കെട്ടിട വിഭാഗത്തിനു കീഴിൽ നടപ്പാക്കുന്ന പ്രവൃത്തികളുടെയും പ്രസ്തുത പ്രവൃത്തികളുടെ നിർമ്മാണപുരോഗതിയുടെയും വിശദാംശങ്ങൾ അനുബന്ധം III ആയി ചേർത്തിരിക്കുന്നു.* നിരത്തുവിഭാഗത്തിൻ കീഴിൽ 2013-14 എം.എൽ.എ.-യുടെ ആസ്തിവികസന ഫണ്ട് ഉപയോഗിച്ച് തിരുവടി-പാലാട്ടുതറ-തോട്ടുപാലം നിർമ്മാണം കി.മീ.0/800-1/400 വരെ അപ്രോച്ച് റോഡ് നിർമ്മാണം എഗ്രിമെന്റ് നടപടികൾ പൂർത്തിയായിട്ടുണ്ട്. പ്രവൃത്തി ഉടൻ ആരംഭിക്കുന്നതാണ്.

(ഡി) കാലവർഷത്തിൽ പൊട്ടിപ്പൊളിഞ്ഞ പി.ഡബ്ല്യു.ഡി. റോഡുകൾ നന്നാക്കാൻ നടപടി സ്വീകരിച്ചിട്ടുണ്ട്. കാലവർഷത്തിൽ പൊട്ടിപ്പൊളിഞ്ഞ പൊതുമരാമത്ത് റോഡുകളുടെ കഴിയടയ്ക്കൽ പ്രവൃത്തികൾ പുരോഗമിച്ചുവരുന്നുണ്ട്.

പ്രധാന നിരത്തുകളിലെ ജംഗ്ഷനുകളുടെ പുനഃക്രമീകരണം

257(3143) ശ്രീ. വി. എം. ഉമ്മർ മാസ്റ്റർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്തെ പ്രധാന നിരത്തുകളിലെ ജംഗ്ഷനുകൾ വീതി കൂട്ടി ശാസ്ത്രീയമായി പുനഃക്രമീകരിക്കാൻ ആലോചനയുണ്ടോ;

(ബി) എങ്കിൽ പ്രധാന ജംഗ്ഷനുകളിൽ തിരക്കും അപകടങ്ങളും ഒഴിവാക്കുവാനും സുഗമമായ ഗതാഗതത്തിനും ഉപയുക്തമാവും വിധം ജംഗ്ഷനുകൾ രൂപാന്തരപ്പെടുത്തുന്നതിനുള്ള മാസ്റ്റർ പ്ലാൻ തയ്യാറാക്കുമോ?

ഉത്തരം

(എ&ബി) സംസ്ഥാനത്തെ പ്രധാന നിരത്തുകളിലെ ജംഗ്ഷനുകൾ സ്ഥലം ലഭ്യമാകുന്ന മുറയ്ക്ക് വീതി കൂട്ടി, ശാസ്ത്രീയമായി പുനഃക്രമീകരിച്ച് തിരക്കും, അപകടവും ഒഴിവാക്കുന്നതിനുള്ള നടപടിക്രമങ്ങൾ സ്വീകരിച്ചുവരുന്നു. ഇതിന് മാസ്റ്റർ പ്ലാൻ തയ്യാറാക്കാവുന്നതാണ്.

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly